LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റ് കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾ

115 [1591] ശ്രീ. പി. ജെ. ജോയി :
,, എം. എ. ചന്ദ്രശേഖരൻ :
,, എൻ. ഡി. അപ്പച്ചൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റ് വകയിലുള്ള ഏതെല്ലാം സ്ഥാപനങ്ങളാണ് കൈമാറ്റം ചെയ്തുകൊടുത്തിട്ടുള്ളത്;

(ബി) ഈ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ട നേതൃത്വം കൊടുക്കുന്നതിന് മതിയായ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥൻമാരും അനുദ്യോഗ സ്ഥൻമാരും ത്രിതല പഞ്ചായത്തുകളിലുണ്ടോ;

(സി) ഇല്ലാത്തപക്ഷം ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ പരിശീലനം കൊടുക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഗവൺമെന്റ് വകയിലുള്ള സ്ഥാപനങ്ങൾ കൈമാറ്റം ചെയ്തുകൊണ്ട് 18-9-1995-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 189/95/തദവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ട നേതൃത്വം നൽകുന്നതിന് ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും കില, ഐ.എം.ജി., എസ്.ഐ.ആർ.ഡി. മുതലായ സ്ഥാപനങ്ങൾ ആവശ്യമായ പരിശീലനം നൽകിവരുന്നു.

(സി) പുതിയ അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ഐ.എം.ജി., കില എന്നീ സ്ഥാപനങ്ങൾ വഴി ഘട്ടംഘട്ടമായി പരിശീലനം നൽകിവരുന്നു.

ഗ്രാമ പഞ്ചായത്തുകളിലേക്ക് മാറ്റപ്പെട്ട ഉദ്യോഗസ്ഥർ

116 [1592] ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയാണ് ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറിയത്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇങ്ങനെ കൈമാറിയ ഉദ്യോഗസ്ഥൻമാരുടെമേൽ എന്തൊക്കെ അധികാരങ്ങളാണ് പഞ്ചായത്ത് പ്രസിഡന്റിനും മറ്റുള്ളവർക്കും നൽകിയിട്ടുള്ളതെന്നറിയിക്കാമോ;

(സി) ഇപ്രകാരം കൈമാറി നൽകിയ ഉദ്യോഗസ്ഥരുടെ ശമ്പളം മാറി നൽകുന്നതിന് എന്തൊക്കെ നിബന്ധനകളാണ് വച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) വി.ഇ.ഒ./എൽ.വി.ഇ.ഒ.-മാരുടെ ശമ്പളം മാറി നൽകുന്നതിന് മുൻകൂർ യാത്രാപരിപാടിയും മറ്റും പഞ്ചായത്ത് അംഗീകരിച്ച് നൽകണമെന്ന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഇ) ഈ വ്യവസ്ഥ പാലിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കൈമാറ്റം ചെയ്ത് നൽകിയ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തണമെന്ന പത്താം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കൈമാറ്റി കിട്ടിയ ഉദ്യോഗസ്ഥരുടെമേലുള്ള നിയന്ത്രണങ്ങൾ വിശദമാക്കി പുതുതായി ഒരു സർക്കുലർ പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ താഴെപ്പറയുന്ന വകുപ്പുകളിലെ ഉദ്യോഗസ്ഥരെയാണ് ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറിയത്.

1. പൊതുമരാമത്ത്
2. ജലവിഭവം
3. കൃഷി
4. മൃഗസംരക്ഷണം
5. സാമൂഹ്യക്ഷേമം
6. റവന്യൂ
7. മണ്ണു സംരക്ഷണം
8. ക്ഷീര വികസനം
9. ഫിഷറീസ്
10. വ്യവസായം
11. സഹകരണം
12. ഗ്രാമവികസനം
13. പട്ടികജാതി വികസനം

LIBRARY ARCHIVES Kerala Legislative Assembly

14. പട്ടികവർഗ്ഗ വികസനം

15. പൊതുവിദ്യാഭ്യാസം

16. ആരോഗ്യം

17. നാട്ടുചികിൽസ

18. തൊഴിൽ

19. എംപ്ലോയ്മെന്റ്

(ബി) പഞ്ചായത്ത്രാജ് ആക്ടിലെ 156 (4) (ബി) പ്രകാരം പഞ്ചായത്തിലെ ജീവനക്കാരുടെ മേലുള്ള എല്ലാ അധികാരങ്ങളും പ്രസിഡന്റിനും ഭരണസമിതി അംഗങ്ങൾക്കും മേൽപ്പറഞ്ഞിരിക്കുന്ന വകുപ്പുകളിലെ ജീവനക്കാരുടെ മേൽ ഉണ്ട്.

(സി) ഇപ്രകാരം കൈമാറി നൽകിയ ഉദ്യോഗസ്ഥരുടെ ശമ്പളം തുടർന്നും മാതൃവകുപ്പിൽ നിന്നുമാണ് നൽകുന്നത്. ഇതിനായി പ്രത്യേക നിബന്ധനകളൊന്നും വച്ചിട്ടില്ല.

(ഡി) മുൻകൂർ യാത്രാപരിപാടി പഞ്ചായത്ത് പ്രസിഡന്റിന് സമർപ്പിക്കണമെന്ന് വ്യവസ്ഥയുണ്ട്.

(ഇ) ഇല്ല.

(എഫ്) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ജനകീയാസൂത്രണത്തിന്റെ കൺസൾട്ടന്റായി റിച്ചാർഡ് ഫ്രാങ്കിയെ നിയമിച്ച നടപടി

117 [1593] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിച്ചാർഡ് ഫ്രാങ്കിയെന്ന വിദേശിയെ മുൻ സർക്കാരിന്റെ കാലയളവിൽ നടന്ന ജനകീയാസൂത്രണത്തിന്റെ കൺസൾട്ടന്റായി നിയമിച്ചിരുന്നുവോ;

(ബി) അദ്ദേഹത്തിന് എന്തെങ്കിലും പ്രതിഫലം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly